(ഇ) ഇതുവരെയുള്ള കേസ് നടത്തിയതിന് നിയമന വ്യവസ്ഥ അനുസരിച്ച് ഓരോരുത്തർക്കും എത്ര രൂപവീതം കുടിശ്ശിക കൊടുക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. സുരേഷ് ബാബു തോമസ് അഡ്വക്കേറ്റിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായും ശ്രീ. സി.എസ്. അജയൻ അഡ്വക്കേറ്റിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ അസിസ്റ്റന്റായും നിയമിച്ചു. ഇവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ ഔദ്യോഗിക സ്ഥാനമാനങ്ങൾ ഉള്ളതായി അറിയില്ല.

(സി) കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് റൂൾസ് 1978 പ്രകാരം റഗുലേഷൻ ഫീസിന് അർഹതയുണ്ട്.

(ഡി) ഇതുവരെ ഒന്നും നൽകിയിട്ടില്ല.

(ഇ) സംഖ്യ തിട്ടപ്പെടുത്തിയിട്ടില്ല.

116 (2429) പയ്യന്നൂർ സബ്കോടതി കെട്ടിടം

ശ്രീ. കെ.പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ സബ്കോടതിക്ക് സ്വന്തമായി കെട്ടിടം പണിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തിക ഞെരുക്കം കാരണം പുതിയ കോടതി കെട്ടിടനിർമ്മാണം ആരംഭിക്കാൻ പ്രത്യേക അനുമതി നൽകിയിട്ടില്ല. ഇക്കാര്യം പരിശോധിച്ചുവരുന്നു.

117 (2430) പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനു നടപടി

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. അച്യുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനങ്ങളിൽ പുതുതായി ഫയർസ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇപ്പോൾ ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിൽ ഫയർസ്റ്റേഷനുകൾ ഉണ്ട്;

(സി) ഇനി ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിൽ ഫയർസ്റ്റേഷനുകൾ സ്ഥാപിക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly